# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4115 16.03.2017 -ലെ മറുപടി

## ചിമ്മിനി ഡാം തുറക്കുകയും അടയ്ക്കുകയും ചെയ്ത തീയതികൾ

ചോദ്യം

ശ്രീ.അനിൽ അക്കര

മറുപടി

മാത്യു ടി തോമസ്
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | 01.01.2017 മുതൽ നാളിതുവരെ ചിമ്മിനി ഡാം തുറക്കുകയും അടയ്ക്കുകയും ചെയ്ത തീയതികൾ എന്തെല്ലാമാണ്; | എ) | 18.11.2016 ന് തുറന്ന ഡാം 22.01.2017 ന് അടയ്ക്കുകയും 26.01.2017 ന് തുറന്ന ഡാം 21.02.2017 ന് അടയ്ക്കുകയും ഉണ്ടായി. 06.03.2017 ന് വീണ്ടും തുറന്ന ഡാംമുഖേന ജലവിതരണം തുടർന്നു കൊണ്ടിരിക്കുന്നു. |
| ബി) | ഡാം അടയ്ക്കുന്നതിനും തുറക്കുന്നതിനും നിലവിൽ ഏതെങ്കിലും ചട്ടങ്ങളും ഉത്തരവുകളുമുണ്ടോ; ഡാം അടയ്ക്കുകയും തുറക്കുകയും ചെയ്തിട്ടുള്ളത് പ്രസ്തുത ചട്ടങ്ങളും ഉത്തരവുകളും പാലിച്ചിട്ടാണോ; | ബി) | മഴക്കാലത്ത് ഡാമിലെ വെള്ളം ഫുൾ റിസർവോയർ ലെവലിൽ (FRL) എത്തിക്കഴിയുമ്പോൾ മഴക്കെടുതികൾ ഒഴിവാക്കുന്നതിനു വേണ്ടി ചട്ടങ്ങൾ പ്രകാരമുള്ള മുന്നറിയിപ്പുകൾ നൽകിയതിനു ശേഷമാണ് ഡാമിലെ വെള്ളം തുറന്നു വിടുന്നത്. കൂടാതെ കർഷകരുടെ ആവശ്യം അനുസരിച്ചും പ്രോജക്റ്റ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാന പ്രകാരവുമാണ് കനാൽ വഴിയുള്ള ജലവിതരണത്തിനു വേണ്ടി ഡാം ഷട്ടർ തുറക്കാറുള്ളത്. |
| സി) | 2017 ജനുവരി മാസം ചിമ്മിനി ഡാം തുറന്നതിനുശേഷം അടച്ചത് ആരുടെ നിർദ്ദേശ പ്രകാരമാണെന്ന് വ്യക്തമാക്കുമോ? | സി) | സാധാരണയായി തൃശ്ശൂർ കോൾ ഉപദേശക സമിതിയുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് ഡാം തുറക്കുകയും അടയ്ക്കുകയും ചെയ്തുവരുന്നത്. എന്നാൽ ഈ വർഷം കഠിനമായ വരൾച്ച ഉണ്ടായതിനാൽ ജില്ലാതലദുരന്ത നിവാരണ കമ്മിറ്റിയുടെ ചെയർമാൻ കൂടിയായ ജില്ലാകളക്ടറുടെ നിർദ്ദേശ |

| | | | |
|---|---|---|---|
| | | | പ്രകാരമാണ് ചിറകളുടെ നിർമ്മാണത്തിനായി 22.01.2017 ന് ഡാം അടയ്ക്കുകയും 26.01.2017 ന് തുറക്കുകയും ചെയ്തത്. കോൾ കൃഷിക്കാരുടെയും ഉപദേശക സമിതി അംഗങ്ങളുടെയും അഭിപ്രായങ്ങൾക്കനുസരിച്ചും 20.02.2017 ന് ബഹു. വ്യവസായവകുപ്പമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന വരൾച്ച അവലോകന യോഗത്തിൽ തീരുമാനിച്ച പ്രകാരവുമാണ് 21.02.2017 ന് ഡാം അടച്ചത്. 04.03.2017 ന് ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കോൾ ഉപദേശക സമിതി തീരുമാന പ്രകാരമാണ് 06.03.2017 ന് കുടിവെള്ളത്തിനുള്ള ആവശ്യത്തിലേയ്ക്കായി ഡാം തുറന്നത്. |

**സെക്ഷൻ ഓഫീസർ**